മിസ്റ്റർ കെ. ടി. അച്യുതൻ: ഈ ഡിപ്പാർട്ട്മെണ്ടിൽ നിയമങ്ങൾ നടത്തുന്നതു ഡിപ്പാർട്ട്മെണ്ടു മേലധികാരിയാണോ?

റാവുസാഹിബ് എം. എം. പോൾ: അല്ല. പൂൺസിനെ മാത്രമെ ഡിപ്പാർട്ടുമെണ്ടിൽ നിന്നു നിയമിക്കാറുള്ളു.

STOCK OF SUGAR—FAIR PRICE SHOP—PANJAL

155. Mr. K. Kunhirama Menon *(Cheruthuruthi):* Will Government be pleased to state the stock of sugar at the Fair Price Shop, Panjal, on 30th Chingam 1119?

Rao Sahib M. M. Paul *(Director of Food Supplies):* The closing stock of the day was 13 cwts. 22 lbs.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: ഈ ചിങ്ങം 30-ാംനു പഞ്ചസാര സ്റ്റാക്കില്ലെന്നു മാനേജർ എഴുതിയയച്ചിട്ടുണ്ടോ?

റാവുസാഹിബ് എം. എം. പോൾ: ഇല്ല.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: മാനേജർ എഴുതിയയക്കാഞ്ഞതിനെ സംബന്ധിച്ചു വല്ല ആക്ഷേപവും കിട്ടീട്ടുണ്ടൊ?

റാവുസാഹിബ് എം. എം. പോൾ: കിട്ടീട്ടില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: അതിനെപ്പറ്റി അന്വേഷിക്കാമോ?

റാവുസാഹിബ് എം. എം. പോൾ: അന്വേഷിക്കാം.

PERMIT FOR EXPORT OF HAY

156. മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) നമ്മുടെ നാട്ടിൽനിന്നും ബ്രിട്ടീഷിലേക്കു വണ്ടിക്കാണക്കായി നെല്ലും വയ്ക്കോലും കൊണ്ടുപോകുന്നതിനു വല്ലവർക്കും പെർമിറ്റ് കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആക്കെല്ലാം, എത്രവണ്ടി നെല്ലിനും വൈക്കോലിനും കൊടുത്തിട്ടുണ്ടു?

റാവു സാഹിബ് എം. എം. പോൾ:

(എ) ഉവ്വ്, വയ്ക്കോലിനു മാത്രം.

(ബി) അനുബന്ധം നോക്കുക *(See Appendix I)*

മിസ്റ്റർ കെ. എം. ഇബ്രാഹിം: വയ്ക്കോൽ കൊണ്ടുപോകുന്നതിനു് അനുമതി കൊടുത്തതു് ആരാണു്?

റാവുസാഹിബ് എം. എം. പോൾ: അതാതു സ്ഥലത്തുള്ള സപ്ലൈ ആഫീസറാണു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം: വയ്ക്കോൽ ബ്രിട്ടീഷിലേക്കു കൊണ്ടുപോകുന്നതിന്റെ ആവശ്യമെന്താണു?

Rao Sahib M. M. Paul *(Director of Food Supplies):* In some cases they have got their own cultivation farms and cattle outside the State. In some cases, there is surplus stock in the area and in such cases, we give export permits.

മിസ്റ്റർ വി. കെ. കുട്ടി: ചിറ്റൂരിൽ വയ്ക്കോലിനു് എന്തു വിലയുണ്ടു്?

റാവുസാഹിബ് എം. എം. പോൾ: അറിവില്ല.

മിസ്റ്റർ വി. കെ. കുട്ടി: എറണാകുളത്തു വയ്ക്കോലിനു് എന്തു വിലയുണ്ടു്?

റാവുസാഹിബ് എം. എം. പോൾ: അറിവില്ല.

Mr. K. M. Ibrahim *(Cranganur):* May I take it that all these stocks are produced in the State?

Rao Sahib M. M. Paul *(Director of Food Supplies):* Yes, in the Chittur Taluk.

Mr. K. M. Ibrahim *(Cranganur):* On the same anology, cannot paddy also be allowed to be taken away.

Rao Sahib M. M. Paul *(Director of Food Supplies):* No, paddy is required here for consumption in the deficit areas. In the case of straw, in necessary cases we give permits.

Mr. K. M. Ibrahim *(Craganur):* Is not hay an important cattle food?

Rao Sahib M. M. Paul *(Director of Food Supplies):* Yes.

Mr. K. M. Ibrahim *(Cranganur):* Is it not required for the cattle who are already underfed in this State.

LIBRARY ARCHIVES Kerala Legislative Assembly